**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മലയോര മേഖലകളിൽ വ്യാപകമായ തോതിൽ ഉള്ള വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വന്യമൃഗ ശല്യം യഥാസമയം അറിയുന്നതിനും ലഘൂകരിക്കുന്നതിനും വൈൽഡ് വാച്ച് എന്ന മൊബൈൽ ആപ്പിന്റെ പ്രവർത്തനം വിശദീകരിക്കാമോ; | (ബി) | വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, ഡേവിഡ് ഷെപ്പേർഡ് വൈൽഡ് ലൈഫ് ഫൗണ്ടേഷന്റെ സഹായത്തോട് കൂടി അമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിലെ എഞ്ചിനിയറിംഗ് വിദ്യാർത്ഥികളുടെ സഹകരണത്തോടെ മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിന് തയ്യാറാക്കിയ ഒരു മൊബൈൽ ആപ്പാണ് വൈൽഡ് വാച്ച്. ഈ സംവിധാനം വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ ശബരിമല തീർത്ഥാടന പാതയിൽ ടെസ്റ്റിംഗ് നടത്തുക മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഈ മൊബൈൽ ആപ്പ് ഇൻസ്റ്റാൾ ചെയ്ത മൊബൈലുമായി പരിശീലനം ലഭിച്ച ആളുകൾ തീർത്ഥാടന പാതയിൽ നിലയുറപ്പിക്കുകയും ഏതെങ്കിലും വന്യജീവിയെ പാതയുടെ അടുത്ത് കണ്ടെത്തുമ്പോൾ അവയുടെ ചിത്രം അടക്കമുള്ള സന്ദേശം ഇതിനായുള്ള കൺട്രോൾ റൂമിലേയ്ക്ക് കൈമാറുന്നു. ഇത് വിശകലനം ചെയ്ത് കൺട്രോൾ റൂമിൽ നിന്നും മുന്നറിയിപ്പ് സന്ദേശം നൽകുന്നു. ഇതുമായി ബന്ധിപ്പിച്ചിട്ടുള്ള ഫെൻസ് മോണിട്ടറിംഗ് മോഡ്യൂൾ ഉപയോഗിച്ച് സൗരോർജ്ജ വേലിയിലെ വോൾട്ടേജ് വ്യതിയാനം നിരീക്ഷിച്ച് വന്യജീവികൾ വേലി തകർത്ത് കടന്നിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനും സാധിക്കുന്നതാണ്. ഈ ആപ്ലിക്കേഷൻ കേരളത്തിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. |
| (സി) | വന്യമൃഗ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ സൗരോർജ്ജ വേലി ഉൾപ്പെടെയുള്ള പദ്ധതികൾ വ്യാപിപ്പിക്കുമോ? | (സി) | കാസർഗോഡ് ജില്ലയിൽ വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ 52.32 കി.മീ. സൗരോർജ്ജ വേലികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമെ 3.7 കി.മീ. |

| | | | |
|---|---|---|---|
| | | | ആനപ്രതിരോധ കിടങ്ങുകളും 1.45 കി.മീ. ആനപ്രതിരോധ മതിലുകളും സ്ഥാപിച്ചിട്ടുണ്ട്. അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 10 കി.മീ. സൗരോർജ്ജവേലി നിർമ്മാണവും 10 കി.മീ. ആനപ്രതിരോധ കിടങ്ങിന്റെ നിർമ്മാണവും ലക്ഷ്യമിടുന്നുണ്ട്. വന്യമൃഗശല്യം ലഘൂകരിക്കുന്നതിനായി 6 പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ